"ഭരണഭാഷ -മാതൃഭാഷ"

കേരളസർക്കാർ
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ. ഒ.എൽ. 4/ 4/ 2022/ പി & എ ആർ ഡി

തിരുവനന്തപുരം,
തീയതി : 09/ 02/ 2022

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്-
ലോക മാതൃഭാഷാദിനം - സംബന്ധിച്ച്.

സൂചന :- 16.02.2018- ലെ ജി.ഒ.(ആർ.ടി) നം.90/ 2018/ പി & എ ആർ ഡി

കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ-സാംസ്കാരികപരിപാടികളിൽ ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കണമെന്ന് സൂചനയിലെ ഉത്തരവുപ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21 -ന് എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരും വിദ്യാർഥികളും താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞയെടുക്കുവാൻവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### ഭാഷാപ്രതിജ്ഞ

"മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻകാണുന്ന നക്ഷത്രമാണ്.
എന്നെത്തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്
എന്റെ ഭാഷയിലാണ്.
എന്റെ ഭാഷ ഞാൻതന്നെയാണ്."

മീര. എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്: പൊതുവിദ്യാഭ്യാസവകുപ്പ് / ഉന്നതവിദ്യാഭ്യാസവകുപ്പ്
എല്ലാ സർവകലാശാലാരജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/
കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ /
സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ.
വെബ് & ന്യൂ മീഡിയ വിഭാഗം (വിവര-പൊതുജനസമ്പർക്കവകുപ്പ്)
(പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

1091/22.

I/5165202/2022

50/14.2.22

"ഭരണഭാഷ- മാതൃഭാഷ"

Break the chain

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ. കെ1/25/2022/ഉ.വി.വ

14-02-2022,തിരുവനന്തപുരം

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജ്ഞോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/ കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി. പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
8. ഡയറക്ടർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്. തെക്കുംതല, കാഞ്ഞിരമറ്റം പി.ഒ, കോട്ടയം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസവകുപ്പ് - ലോക മാതൃഭാഷാദിനം - അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് -സംബന്ധിച്ച്.

സൂചന:- 09-02-2022 തീയതിയിലെ ഒ. എൽ 4/4/2022/പി&എആർഡി നമ്പർ സർക്കുലർ.

മേൽ വിഷയവുമായി ബന്ധപ്പെട്ട നിർദ്ദേശം നടപ്പാക്കുന്നതിലേയ്ക്കായി സൂചനയിലെ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാജേഷ്കുമാർ കെ കെ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ഇണ്ടാസ് നമ്പർ ഇഎ1/1091/2022/ എച്ച് ആർ ഡി — തീയതി 19.02.2022

1. പകർപ്പ് തുടർനടപടികൾക്കായി എല്ലാ സ്ഥാപന മേധാവികൾക്കും
2. സൂപ്രണ്ട്, അക്കാദമിക്ക് സെക്ഷൻ
3. കരുതൽ ഫയൽ
4. ഓഫീസ്പകർപ്പ്

ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടു കൂടി

സീനിയർ സൂപ്രണ്ട്